# ജിം കോർബെറ്റിന്റെ ബാല്യകാലം



**വേട്ടക്കഥകളുടെ കർത്താവായിരുന്ന ജിം കോർബറ്റിനെകുറിച്ചുള്ള ലേഖനത്തിന്റെ അവസാന ഭാഗം.**

രാവിലെ ടോം കാട്ടിലെത്തി. അവൻ നിർത്തിയിട്ടുപോയ അതേ സ്ഥലത്തുതന്നെയുണ്ടായിരുന്നു, ജിം. പേടിച്ചരണ്ടു കഴിഞ്ഞ ഒരു രാത്രിയെക്കുറിച്ച് മടക്കയാത്രയിൽ അവൻ ചേട്ടനോടു പറഞ്ഞതേയില്ല. പക്ഷേ, 'ഇരുട്ടിനെപ്പേടി' കാട്ടിൽ ഉപേക്ഷിച്ചാണ് അവൻ വീട്ടിലേക്കു മടങ്ങിയത്.

പിറ്റേന്നു മുതൽ, രാത്രിയായാൽ ജിം ഒറ്റയ്ക്കു കാട്ടിലെത്താൻ തുടങ്ങി. ഉണങ്ങിയ ചുള്ളിക്കമ്പുകൾ കൂട്ടി തീയിട്ട് അതിനരികിൽ അവൻ കിടന്നു. തൊട്ടടുത്തുനിന്ന് കടുവ

▶▶ രണ്ട് തവണ എവറസ്റ്റ് കയറിയ ഇന്ത്യക്കാരൻ- നവാങ് മോബു

യുടെ മുരൾച്ച കേട്ടാൽ ഒരു വിറകുകൊള്ളി കൂടി തീയിലേക്കിട്ട് അവൻ സുഖമായി കിടന്നുറങ്ങും. രാവിലെ നേരത്തേ ഉണർന്ന് ശബ്ദം കേട്ട ദിക്കിൽ അവൻ കടുവയെ തിരഞ്ഞു നടക്കും. ഇതായിരുന്നു ജിം കോർബറ്റിൻെറ കുട്ടിക്കാലം.

വലുതായപ്പോൾ അദ്ദേഹം ബ്രിട്ടീഷ് ഇന്ത്യൻ ആർമിയിൽ ചേർന്നു. കേണലായിരിക്കേ, സർക്കാ




രിൻെറ പ്രത്യേക ക്ഷണപ്രകാരം ഉത്തർപ്രദേശിൻെറ വിവിധ ഭാഗങ്ങളിലെത്തി ദുഷ്ടമൃഗങ്ങളെ വേട്ടയാടി. പക്ഷേ, വിനോദത്തിനു വേണ്ടി ഒരിക്കലും അദ്ദേഹം മൃഗങ്ങളെ ഉപദ്രവിച്ചില്ല. ആൾപ്പിടിയന്മാരായ കടുവകളും പുള്ളിപ്പുലികളും പോലെയുള്ള അപകടകാരികളായ മൃഗങ്ങളാണ് അദ്ദേഹത്തിൻെറ വെടിയുണ്ടയ്ക്കിരയായത്.

1907നും 1938നുമിടയിൽ ജിം കോർബെറ്റ് 19 കടുവകളെയും 14 പുള്ളിപ്പുലികളെയും വെടിവെച്ചുകൊന്നു. സ്ത്രീകളും കുട്ടികളുമുൾപ്പെടെ 1,200ലേറെ മനുഷ്യജീവനുകൾ അപഹരിച്ച ആൾപ്പിടിയന്മാരായിരുന്നു ഇവയെല്ലാം. പോലീസിൻെറയും സർക്കാറിൻെറയും അഭ്യർഥന പ്രകാരമാണ് അവയെ തോക്കിനിരയാക്കിയത്. ചമ്പാവതിൽ 436 പേരെ കൊന്ന കടുവയെയാണ് അദ്ദേഹം ആദ്യം വെടിവെച്ചുകൊന്നത്.

400-ലേറെ മനുഷ്യരെ കൊന്ന പനാറിലെ പുള്ളിപ്പുലിയെയും അദ്ദേഹം നിറതോക്കിനിരയാക്കി. പ്രശസ്ത തീർഥാടനകേന്ദ്രങ്ങളായ കേദാരനാഥിലും ബദരീനാഥിലും പത്തു വർഷത്തോളം ഭീതിപരത്തിയ രുദ്രപ്രയാഗയിലെ പുള്ളിപ്പുലിയെ വധിച്ച് ജിം ആയിരക്കണക്കിനാളുകൾക്ക് ആശ്വാസം പകർന്നു. ടലാദേശ്, മോഹൻ, താക്, മുക്തേശ്വർ എന്നിവിട

▶▶ എവറസ്റ്റ് കീഴടക്കിയ ഏറ്റവും പ്രായം കൂടിയ വ്യക്തി - യുഗിരോഗ്....

ങ്ങളിലെ മനുഷ്യത്തീനികളായ നരികളെയും പുലികളെയും ചൗഗാറിലെ പെൺകടുവയെയും അദ്ദേഹം വധിച്ചു. വിനോദത്തിനു വേണ്ടി വേട്ടയ്ക്കിറങ്ങുന്നവരുടെ ഉന്നം തെറ്റിയ വെടിയിൽ പരിക്കേറ്റതോ ഇണകളെ വേട്ടക്കാർ കൊന്നതോ ആയ മൃഗങ്ങളാണ് ആൾപ്പിടിയന്മാരായി മാറുന്നതെന്നാണ് ജിം കേർബെറ്റ് പറയുന്നത്.

1938-നു ശേഷം അദ്ദേഹം മൃഗവേട്ട ഉപേക്ഷിച്ച് പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ മുഴുകി. പരിസ്ഥിതി ജൈവവൈവിധ്യ സംരക്ഷണത്തെക്കുറിച്ച് അദ്ദേഹം കുട്ടികൾക്ക് ക്ലാസ്സെടുക്കുമായിരുന്നു. പരിസ്ഥിതി സംരക്ഷണ സംഘടനകളുമായും അദ്ദേഹം ബന്ധം പുലർത്തി.

കുമയൂൺ മലനിരയിൽ ഇന്ത്യയിലെ ആദ്യത്തെ നാഷനൽ പാർക്കായ 'ഹെയ്‌ലി നാഷനൽ പാർക്ക്' സ്ഥാപിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത് ജിമ്മാണ്. ഉത്തരാഖണ്ഡിലെ നൈനിറ്റാളിലുള്ള ഈ നാഷനൽ പാർക്കിന് 1957-ൽ ജിം കോർബെറ്റിന്റെ പേരു നൽകി ഭാരതസർക്കാർ അദ്ദേഹത്തെ ആദരിച്ചു. വംശനാശ ഭീഷണി നേരിടുന്ന ബംഗാൾ കടുവകളുടെ സംരക്ഷണമാണ് ഈ നാഷനൽ പാർക്കിന്റെ പ്രത്യേകത.

**എം. കുഞ്ഞാപ്പ**



## റാസയുടെ പെയ്ന്റിംങ്ങ്

പ്രശസ്ത ഇന്ത്യൻ ചിത്രകാരൻ റാസയുടെ 'സൗരാഷ്ട്ര' എന്ന പെയ്ന്റിംഗ് ലണ്ടനിൽ 24 ലക്ഷം പൗണ്ട് (16 കോടി രൂപ) നേടി. ആധുനിക ഇന്ത്യൻ ചിത്രത്തിനു ലഭിക്കുന്ന ഏറ്റവും വലിയ തുകയാണിത്. മാതൃരാജ്യത്തിനോടുള്ള ആദരസൂചകമായി 1983ലാണ് റാസ ഈ ചിത്രം വരച്ചത്. 1950 മുതൽ ഫ്രാൻസിലാണ് റാസയുടെ പ്രവർത്തന കേന്ദ്രം.